ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

Vol: 49 / Issue: 1 Jan.-Feb. 2023



## തിരുനാൾ ആശംസകൾ!

ST THOMAS DIOCESAN PILGRIM CENTRE

# 50th Wedding Anniversary
## On 26 February 2023



# VINCENT & MARY

**Best Compliments from**

Sony V. V.
Shiny Michale
Sheryl Sony
Shannon Sony
Sherwin Sony

Martin Tony V. V.
Sheeja C. J.
Sandra V. M.
Meryl V. M.
Andrea V. M.

**Relatives & Friends**

# സാന്തോം മെസഞ്ചർ
## SANTHOME MESSENGER

St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 49 / Issue: 1 / Jan - Feb. 2023

CONTENTS

| | |
|---|---|
| ഇടയനാദം | 02 |
| Message | 03 |
| Editorial | 04 |
| Trustees' Desk | 05 |
| Church News | 08 |
| Diocese News | 10 |
| Youth Corner | 11 |
| Photo Gallery | 13 |
| ഇടവക വാർത്തകൾ | 21 |
| Catechism Corner | 28 |
| Upcoming Events | 31 |

Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob. : 9605963021

**Chief Editor**
Fr Jithu Thottiyil CMI
Asst. Vicar
Mob. : 7012525386
E-mail : jithucmi@gmail.com

**Associate Editor**
Fr Lijo Thekkanathu CMI
Asst. Vicar
Mob. : 9746805457
E-mail : lijotcmi@gmail.com

**Editorial Board**
Mrs. Sweetha Mary Rejy
Mrs. Prameela Varghese
Mrs. Mini Thomas
Mr. Joy Kottackal
Mr. Anil Joy (Trustee in Charge)

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com



# ഇടയനാദം



## ഫെബ്രുവരി 10 വി. ചാവറ പിതാവിന്റെ ജന്മദിനം.

1805 ഫെബ്രുവരി 10 കൈനകരിയിൽ വി. ചാവറ പിതാവ് ജന്മം കൊണ്ടു. കാലം മറക്കാത്ത രീതിയിൽ ചരിത്രത്തിലേയ്ക്ക് പടർന്നു കയറാൻ ഓർമ്മയിൽ മറയാതെ നിലനിൽക്കാൻ വി. ചാവറയച്ചനെ പ്രാപ്തനാക്കിയത് ദൈവകൃപ യുടെ നിറവായിരുന്നു. കൈനകരിയിൽ ആകാ ശമോക്ഷത്തിന് സദൃശമായ ഒരു കുടുംബത്തിൽ ദൈവീകമായ ഒരിടപെടൽ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനനവും ദൈവവിളിയും തുടർന്നുള്ള വൈദീക സന്യാസജീവിതവും.

വിശുദ്ധരില്ലാതിരുന്ന ഭാരത സഭയ്ക്ക് വിശുദ്ധ സന്താനങ്ങളെ ജനിപ്പിക്കാൻ കുടുംബങ്ങളെ നവീ കരിക്കുകയും സന്യാസ സഭകൾ സ്ഥാപിക്കുക യും ചെയ്ത വി. ചാവറയച്ചൻ ഭാരത സഭയുടെ നിറചൈതന്യമായി നിത്യം വിരാജിക്കട്ടെ.

## അഭിഷേകാഗ്നി കൺവെൺഷനും ഇടവക തിരുന്നാളും.

കോവിഡ് മഹാമാരിക്ക് ശേഷം അതീവ ഭക്തി നിർഭരമായി ഇടവക തിരുന്നാളാഘോഷിക്കുകയാ ണല്ലോ. മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് തീർത്ഥാടനകേന്ദ്രമായി ഉയർത്തിയതിനുശേഷ മുള്ള ആദ്യതിരുന്നാളും. അതോടൊപ്പം കുടുംബ നവീകരണ അഭിഷേകാഗ്നി കൺവെൻഷനും നടക്കുന്നു.

നമ്മുടെ കുടുംബാംഗങ്ങൾക്ക് ദൈവകൃപയിൽ ഒന്നായി വളരാനുള്ള അഭിഷേക വരങ്ങളുടെ നാളുകളാണ്. നമുക്ക് ഒന്നിച്ച് ഒരുമയോടെ മാർത്തോമ്മാശ്ലീഹായുടെയും വി. സെബസ്ത്യാ നോസിന്റെയും മാദ്ധ്യസ്ഥം അപേക്ഷിക്കാം.

തിരുന്നാൾ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ കുടുംബാംഗങ്ങളെയും നമ്മുടെ ഇടവക സമൂ ഹത്തെ മുഴുവനും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

സസ്നേഹം
സിറിയക് മഠത്തിലച്ചൻ
ഫൊറോനാ വികാരി

# SPIRITUALITY IS AN AWAKENED NOSTALGIA

MESSAGE

In one of his speeches, Fr. Bobby Jose Kattikkad tells a fascinating incident. A boy's buddies discovered that the girl who was going to be his bride the next day had a terrible history of immoral background on the eve of the boy's wedding. News is like fire, flashing. His parents informed him that we know this now, only by the grace of God; what if we only knew this tomorrow? They gave God thanks. His buddies comforted him over his unfortunate outcome. Due to the negative information, they had learned about the bride; everyone made every effort to call off the wedding. However, the son was unwilling to let go. Eventually, they brought up the matter with the parish priest, who also questioned why the boy was unwilling to let go of this girl, whom everyone perceived as having fallen. "I know she had a past, but if God is giving her a second chance to do things right and the same God is including me in that plan, why should I refuse?" he finally retorted. Hearing the boy's response, everyone was frozen. For them, it was a brand-new realisation. In his book Kite Runner, renowned American-Afghan author Khalid Hosseini highlights the idea that "there is always a chance to be good again."

Yes, there is always a possibility of a second chance at the mercy of God.

Jesus shows the face of mercy to understand the realities of people; he walked a second mile to hold the poor, marginalised and all those in the periphery. It is the spirit of the synodal church. Let us create a culture of synodality in our attitudes, approaches and perspectives. That will enhance our relationships with God and our fellow brethren.

As we approach the parish feast in the coming days, let's pray for the grace to get the mind of inclusiveness like Jesus. Every feast invites us to share the fraternity of heaven and our community without boundaries. Our parish feast is a time to return to the spirituality of love and compassion.Yes, it is an awakened nostalgia.

The faith-formation of our children through catechism classes also gets into the concluding days of the coming month. Let us remember to be a role model for igniting the faith vision of the next generation through our very Christian life from our families. May God Bless you all

Wish you all the blessings ahead!!!!



**Fr. Lijo Thekkanath CMI**
Asst. Parish Priest &
Catechism Director

EDITORIAL

# തിരിച്ചുവരവ്

കഴിഞ്ഞ ദിവസം തണുപ്പൽപ്പം കൂടുതലായതു കൊണ്ട് നടക്കാം എന്നു കരുതി പുറത്തേയ്ക്കിറങ്ങി. പതിവില്ലാത്ത ഒരു ശബ്ദം കേട്ടുകൊണ്ട് ദേവാലയ മുറ്റത്തു നിന്നും പുറത്തേയ്ക്കു നോക്കി. എന്തോ അപകടം നടന്ന ഒരു ഫീൽ. ചായകുടിച്ചു കൊണ്ട് ഇതൊന്നും കേൾക്കാത്ത മട്ടിൽ ചിലർ കട വാതിൽക്കൽ നിൽക്കുന്നുണ്ട്, കുറച്ചുപേർ ഇതൊന്നും ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല എന്ന മുഖഭാവത്തോടുകൂടി നോക്കിനിൽക്കുന്നു. മറ്റുചിലർ ഹെഡ്ഫോൺ വച്ചു കൊണ്ട് റോഡിലൂടെ നടന്നു നീങ്ങുന്നു; കാറും, ബൈക്കും ഒന്നിനേയും വകവയ്ക്കാതെ കുതിച്ചു പായുന്നു. കച്ചവടക്കാർ കച്ചവടത്തിരക്കിൽ, എങ്ങും ഒരു തിരക്കേറിയ ശബ്ദനിബിഡമായ അന്തരീക്ഷം. ശബ്ദം കേട്ട സ്ഥലത്തേക്ക് ഞാൻ നടന്നു. ഒരു ബൈക്കുകാരൻ നിലത്തു വീണുകിടക്കുന്നു. സുപരിചിതമില്ലാത്ത ഒരു മുഖം. ഒരു നിമിഷം എന്തുചെയ്യണമെന്നറിയാതെ നിശ്ചലനായി നിന്നുപോയി. പെട്ടെന്നു തന്നെ ആ ബൈക്കുകാരൻ ചാടി എഴുന്നേറ്റ് ബൈക്കിൽ കയറി പോവുകയും ചെയ്തു. അൽപ്പം മുറിവുകൾ കയ്യിൽ പറ്റിയിട്ടുണ്ട് എന്നു തോന്നുന്നു. ചുറ്റുമുള്ളവർ ഇതൊക്കെ സ്ഥിരം കാണുന്നതാണ് എന്ന മട്ടിൽ നിൽക്കുന്നു. പെട്ടെന്ന് മനസ്സിൽ വന്ന ചിന്ത 'ഇവരെത്ര ക്രൂരാണ് എന്നതാണ്.' കാരണം ഒരു അപകടം നടന്നിട്ട് ഇവർ ഒന്നു തിരിഞ്ഞു നോക്കിയില്ലല്ലോ?

പെട്ടെന്ന് ഇടിമിന്നൽ പോലെ മനസ്സിൽ ഒരു ആളൽ. ആ അപകടം നടന്നപ്പോൾ സഹായിക്കാത്തതിന് ഞാൻ മറ്റുള്ളവരെ പഴിചാരി. അവർക്ക് നേരെ ഒരു വിരൽ ചൂണ്ടിയപ്പോൾ ബാക്കി നാലുവിരലുകളും ചൂണ്ടപ്പെട്ടത് എന്റെ നേരെയാണ്. മറ്റാരേയുംകാൾ അദ്ദേഹത്തെ സഹായിക്കാൻ പറ്റുന്നത് എനിക്കു തന്നെയായിരുന്നു. ചെയ്യാമായിരുന്നിട്ടും ചെയ്യാതെ പോകുന്ന ചില നന്മകൾ. അപരനെ കുറ്റപ്പെടുത്തുമ്പോൾ എന്റെ കാഴ്ചയും കാഴ്ചപ്പാടുകളും എങ്ങനെയുള്ളതാണ് എന്നത് ഒരു ചോദ്യചിഹ്നമാണ്.

ചില തിരിച്ചറിവുകൾ ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്. നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കാനായി ഇനി ഏതാനും ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളു. ചാക്കുടുത്തു ചാരം പൂശി ക്രിസ്തുവിന്റെ പീഢാസഹനം ധ്യാനിക്കുവാൻ നാം ഒരുങ്ങുന്ന കാലം. നോമ്പുകാലത്തിലേയ്ക്ക് പ്രവേശിക്കുന്നതിനു മുമ്പായി ഫെബ്രുവരി 8,9,10 ദിവസങ്ങളിൽ നടക്കുന്ന ബൈബിൾ കൺവെൻഷനിൽ പങ്കുചേർന്ന് നമുക്ക് നമ്മെ തന്നെ ഒരുക്കാം. ഇടവകതിരുന്നാൾ ആഘോഷങ്ങളുടെ ആട്ടത്തിമിർപ്പായി മാറാതെ ചുറ്റുമുള്ളവരുടെ നിലവിളികൾക്ക് കാതോർക്കാം.

കരയുന്നവരെ ആശ്വസിപ്പിക്കാനും, ഒറ്റപ്പെടുത്തിയവരെ ചേർത്തു നിർത്തുവാനും അകന്ന ബന്ധങ്ങളെ കൂട്ടിയിണക്കാനും, വേദനിപ്പിച്ചവരോട് ക്ഷമിക്കാനും, ഈ തിരുനാൾ ആഘോഷങ്ങൾ ഇടയാകട്ടെ.

വേദനിക്കുന്ന ചിപ്പിക്കുള്ളിലാണല്ലോ പവിഴമുത്ത് രൂപപ്പെടുന്നത്. മുറിവേറ്റതിന്റെ കരങ്ങളിൽ നമ്മുടെ മുറിവുകൾവച്ചു കൊടുക്കുമ്പോൾ അവ തിരുമുറിവുകളായി മാറും. ഭൂമിയുടെ പാദം കഴുകി കെട്ടിപ്പുണർന്ന് ചുംബിച്ച തമ്പുരാന്റെ ചിത്രം, ക്ഷമിക്കാൻ പറ്റാത്ത നിമിഷങ്ങളിൽ നമ്മുടെ മനസ്സിൽ തെളിഞ്ഞു നിൽക്കട്ടെ. അകന്നു പോകണമെന്നാഗ്രഹിക്കുന്ന ഒരുപിടി പാന പാത്രങ്ങൾക്കു മുന്നിൽ വിറങ്ങലിച്ചു നിൽക്കുന്നവരുടെ ലോകമാണ് നമ്മുടെ ചുറ്റിലും, കൂടെ നടക്കേണ്ടവർ ഓടി ഒളിച്ചപ്പോഴും, പിൻതാങ്ങേണ്ടവർ പുറംതള്ളിയപ്പോഴും, തഴുകേണ്ടവർ തല്ലി തകർത്തപ്പോഴും, അരികിലായിരിക്കേണ്ടവർ അകലെ നടന്നപ്പോഴും, നേരുകാണേണ്ടവർ നെഞ്ചുകീറിയപ്പോഴും കരുണാർദ്രസ്നേഹം കൈമുതലാക്കിയവനാണ് ക്രിസ്തു എന്ന തിരിച്ചറിവോടെ നമുക്കും അവനെ പിൻചെല്ലാം.



**Fr Jithu Thottiyil CMI**
Asst. Vicar

# ദൈവസ്നേഹത്തിനും കരുതലിനും നന്ദി

## TRUSTEES' DESK

നമ്മുടെ ഇടവക ദേവാലയത്തിന്റെ വിശ്വാസപ്രഘോഷണങ്ങളുടെ ഏറ്റവും വലിയ ദിനങ്ങളിലേയ്ക്ക് നാം കടക്കുകയാണല്ലോ? അതിന്റെ മുന്നോടിയായി 8, 9, 10 തിയതികളിൽ നടക്കുന്ന ഇടവക ധ്യാനം ബഹു. സേവ്യർഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിലുള്ള ഫാ. സാംസൺ മണ്ണൂർ അച്ചന്റെ സാന്നിദ്ധ്യത്തിൽ നടത്തുവാൻ സമ്മതിച്ചത് തന്നെ വളരെ വലിയ അനുഗ്രഹമായി നാം കാണുകയാണ്.

ഇടവകയുടെ മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെയും, വി. സെബാസ്ത്യാനോസിന്റെയും തിരുന്നാൾ നാം വളരെ മനോരമായി ആഘോഷിക്കുവാനും ഇതിനായി ഇടവകാംഗങ്ങളിൽ നിന്നും മറ്റും സമാഹരിക്കുന്ന തുകയിൽ നിന്നും മിച്ചം വരുന്നതിന്റെ സിംഹഭാഗവും പാവപ്പെട്ടവരുടെ ഉന്നമനത്തിനായി മാറ്റി വയ്ക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്ഥിരമായി സഹായം ലഭിക്കുന്നവരെ കൂടാതെ ആരുടെ മുമ്പിലും സഹായമഭ്യർത്ഥിക്കാതെ സ്വയം വിഷമം സഹിച്ച് വീടുകളിൽ കഴിയുന്നവരെ, വാർഡ് കൗൺസിലേഴ്സിന്റെ സഹായത്തോടെ കണ്ടുപിടിച്ച് സഹായമെത്തിക്കുന്നതോടെ നമ്മുടെ തിരുന്നാൾ ആഘോഷങ്ങൾക്ക് കൂടുതൽ അർത്ഥതലങ്ങൾ വന്നു ചേരുകയാണ്.

നമ്മുടെ പിതാവും മാർഗ്ഗദർശിയുമായിരുന്ന ബെനഡിക്ട് പതിനാറാമന്റെ വിയോഗവാർത്ത നമ്മൾ ഒന്നടങ്കം ദുഃഖമുളവാക്കിയ ഒന്നായിരുന്നല്ലോ? - അതോടൊപ്പം ഡെമോക്രസിന്റെ വാളുപോലെ നമ്മുടെ തലയ്ക്ക്മേൽ നിൽക്കുന്ന കൊറോണയെന്ന മഹാമാരിയും നമ്മുടെ ആഘോഷങ്ങൾക്കും മറ്റും വിലങ്ങു തടിയായിട്ടില്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

എല്ലാം ഭംഗിയായി നടക്കുവാനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനും നമ്മുടെ ഇടവക വികാരിയച്ചനും, സഹവൈദീകർക്കും, ഞങ്ങൾ ട്രസ്റ്റിമാർ ഓരോരുത്തർക്കും കൂടെ ഓരോ ഇടവകാംഗങ്ങൾക്കും കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്.....

സസ്നേഹം
ട്രസ്റ്റിമാർ


Mr Biju George
(Chief Trustee)


Mr Anil Joy
(Trustee)


Mr Biju M.K.
(Trustee)


Mr Dixon Arangassery (Trustee)


Mr Mathew K Joseph
(Trustee)


Mr Vijeesh Lazar
(Trustee)



**നമ്മുടെ ഇടവക ദേവാലയത്തിലെ ഉപയോഗശൂന്യമായ മുത്തുക്കുടകൾ ഒരു മാസത്തെ കഠിന പ്രയത്നത്തിലൂടെ മനോഹരമാക്കിതീർത്ത മിസ്റ്റർ ജോയ് ആലപ്പാട്ടിന് ഇടവക സമൂഹത്തിന്റെ നന്ദിയും ആദരവും അറിയിക്കുന്നു.**



# ഒന്നാമൻ



ബ്ര. പോ*ം ജോയി മണ്ഡപത്തിൽ

ഗുരു തന്റെ ശിഷ്യർക്കും ഈ ലോകത്തിനും പകർന്നു നൽകുന്ന അമൂല്യമായ അറിവ്, വി. മർക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായം 44-ാം വചനം ''നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ തങ്ങളുടെ ദാസനുമായിരിക്കണം.'' വി. മത്തായിയുടെ സുവിശേഷം 20:27-ൽ ഇതേ വചനം നമുക്കു കാണുവാൻ സാധിക്കും. കേവലം വാക്കുകളാൽ പറഞ്ഞു വയ്ക്കാതെ ഒരു വചനത്തിന്റെ അർത്ഥമെന്തെന്ന് കാട്ടിത്തരുകയാണ് ഈശോനാഥൻ തന്റെ ജീവിതത്തിലൂടെ. യോഹന്നാൻ 13:14 ''നിങ്ങളുടെ കർത്താവും, ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.'' രാജാവായി ജനിച്ചവൻ ദാസനായിത്തീരുന്ന മനോഹരകാഴ്ച.

ഫിലിപ്പിയർക്കെഴുതിയ ലേഖനം 2-ാം അദ്ധ്യായം 9-ാം വാക്യം സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്നിട്ടും, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപത്തിലായിത്തീർന്ന യേശുക്രിസ്തുവിനെപ്പറ്റി. ഒരു പക്ഷെ ദാസനായി മാറുക എന്നുള്ളത് യേശുവിനെ സംബന്ധിച്ചിടത്തോളം പെറ്റമ്മയിൽ നിന്നും പകർന്നു കിട്ടിയ ഒരു ഗുണപാഠമല്ലേ, എന്നു ചിന്തിച്ചു പോകുന്നു. ലൂക്കാ സുവിശേഷം 1-ാം അദ്ധ്യായം 38-ാം വചനത്തിൽ പരിശുദ്ധ അമ്മയുടെ ഏറ്റവും മഹത്തായ ഒരു ഏറ്റുപറച്ചിൽ ''ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.''

ഒന്നാമനിൽ നിന്നും ദാസനിലേയ്ക്കുള്ള യാത്ര അൽപ്പം ദൂരംകൂടുതലുള്ള യാത്രയാണ്. ന്യൂയോർക്ക് നഗരത്തിലെ ഇടുങ്ങിയ ഒരു വഴിയിലൂടെ രണ്ടു പെട്ടികളും ശിരസ്സിലേന്തി നടന്നു നീങ്ങുന്ന ഒരു പാവപ്പെട്ട കറുത്ത വർഗ്ഗക്കാരൻ. പിന്നിലൂടെ നടന്നു വന്നിരുന്ന ഒരു മാന്യൻ വെള്ളക്കാരൻ പറഞ്ഞു. ''സ്നേഹിതാ ഒരു പെട്ടി ഞാൻ എടുത്തുകൊള്ളാം. ഞാനും താങ്കളുടെ വഴിക്ക് തന്നെയാണ് പോകുന്നത്. ബുക്കർ ടി വാഷിങ്ടൺ എന്ന ആ കറുത്ത വർഗ്ഗക്കാരൻ വിസ്മയിച്ചുപോയി. പെട്ടി ചുമന്നത് പിൽക്കാലത്ത് അമേരിക്കയുടെ പ്രസിഡണ്ടായ തിയഡോർ റൂസ്‌വെൽറ്റാണ്. വീണ്ടും റോമാ നഗരത്തിലെ പുകക്കുഴലിൽ നിന്നും വെള്ളപ്പുക ഉയരുന്നത് കണ്ട് സന്തോഷത്തോടെ തങ്ങളുടെ പുതിയ ഇടയനിൽ നിന്നും ആശീർവാദം സ്വീകരിക്കുവാൻ തടിച്ചു കൂടിയവർക്കുമുന്നിലേയ്ക്ക് തന്റെ അരമനയുടെ കിളിവാതിൽ

തുറന്ന് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ പ്രത്യക്ഷനായി. തന്റെ ആട്ടിൻ പറ്റത്തിനുമുന്നിൽ നമ്രശിരസ്കനായി നിന്നുകൊണ്ട് പരിശുദ്ധ പിതാവ് അപേക്ഷിച്ചു, നിങ്ങൾ എന്നെ അനുഗ്രഹിക്കുക. രണ്ടു നേതാക്കന്മാർ ദാസന്മാരായിത്തീരുന്ന മനോഹര കാഴ്ചയ്ക്കു സാക്ഷ്യം വഹിക്കുകയാണ് ഈ രണ്ടു സംഭവങ്ങളിലൂടെ.

ദാസനായി മാറുക എന്നത് ഒരു സ്വയം താഴ്ത്തപ്പെടലാണ്; ശൂന്യമാക്കപ്പെടലാണ്. സ്വാർത്ഥതയുടെ ലോകത്ത് എന്തെല്ലാമോ വെട്ടിപ്പിടിക്കാനുള്ള പരക്കം പാച്ചിലിൽ ഏവരുടെയും ലക്ഷ്യം ഒന്നുമാത്രം എവിടെയും ഒന്നാമനായിത്തീരുക. എന്നാൽ ഓരോ മനുഷ്യനും ഒന്നാമനായി തീരുമ്പോഴും അതിനു കാരണക്കാരനായി തീർന്ന ഒരുപാടു പേർ നമ്മുടെ പിന്നിലുണ്ടെന്ന സത്യം നാം മറന്നു പോകുന്നു.

ദാസനായി തീരണമെങ്കിൽ എളിമപ്പെടണം. പരിശുദ്ധ അമ്മയുടെ എളിമപ്പെടൽ ഇല്ലായിരുന്നുവെങ്കിൽ ലോകരക്ഷകന്റെ ജനനം എത്തരത്തിൽ ആകുമായിരുന്നു എന്നുള്ളത് ഒരു ചോദ്യമല്ലേ? സ്നേഹമുള്ളവരെ മനുഷ്യത്വമാണ് മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനം. വിൽറോജറുടെ വാക്കുകൾ ശ്രദ്ധേയമാണ്; ''വലിയവനായിരിക്കുക മഹത്തരമാണ്. എന്നാൽ മനുഷത്വമുണ്ടായിരിക്കുക അതി മഹത്തരമാണ്'' ഞാൻ ഒരു നല്ല മനുഷ്യത്വമുള്ളവനാണെങ്കിൽ, ഒരു ദാസനായി മാറുവാൻ എളുപ്പം എനിക്കു സാധിക്കും. ആ മനുഷ്യത്വം ഉണ്ടാവണമെങ്കിൽ എന്നിൽ സ്നേഹമുണ്ടാകണം, ക്ഷമയുണ്ടാകണം, നന്മയുണ്ടാകണം, സഹായമനസ്കത ഉണ്ടാകണം.


ദൈവം വിളിച്ചിരിക്കുന്നത് ദാസനായി തീരുവാനാണ്. തന്റെ പുത്രനു ജന്മം നൽകാൻ തിരഞ്ഞെടുത്ത മറിയത്തിലൂടെയും തന്റെ പുത്രനിലൂടെയും ആ സത്യം ദൈവം വെളിപ്പെടുത്തിത്തരുന്നുണ്ട്. വെല്ലുവിളികൾ നിറഞ്ഞ ലോകത്തിൽ, കലുഷിതമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിൽ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം സ്വയം എളിമപ്പെട്ട് ഒരു ദാസനായിത്തീരുക എന്നുള്ളത്, മറ്റൊരു ക്രിസ്തുവായിത്തീരുക എന്നതിനു തുല്യമാണ്. വി. അഗസ്റ്റിനോസ് പറയുന്നു ''തന്നെത്തന്നെ ഉയർത്തുന്ന ആത്മാവ് ദൈവത്തെ താഴ്ത്തുന്നു. തന്നെത്തന്നെ താഴ്ത്തുന്ന ആത്മാവ് ദൈവത്തെ ഉയർത്തുന്നു.'' പ്രിയമുള്ളവരെ നമ്മുടെ താഴ്ത്തപ്പെടലിലൂടെ ദൈവം ഉയർത്തപ്പെടുന്നെങ്കിൽ അതല്ലെ, ഒരു ക്രൈസ്തവൻ എന്ന നിലയ്ക്ക് നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ ബഹുമതി. അത്തരത്തിൽ നമ്മിലൂടെ ദൈവം ഉയർത്തപ്പെടുമ്പോൾ ദൈവം നമ്മേയും ഉയർത്തുമെന്ന സത്യമല്ലെ? ഈശോയുടെയും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും ജീവിതങ്ങൾ കാട്ടിത്തരുന്നത്. ലൂക്കാ 18:14-ൽ ഈശോ നൽകുന്ന ഒരു വാഗ്ദാനം ''തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.''

ആകയാൽ പ്രിയമുള്ളവരെ ഒന്നാമനകാനുള്ള ആഗ്രഹത്തെ പരിത്യജിച്ചുകൊണ്ട്, ധൂർത്ത പുത്രനെപ്പോലെ, ഒരു ദാസനായി എന്നേയും സ്വീകരിക്കണമെ എന്ന് നമുക്കും പ്രാർത്ഥിക്കാം. സ്വയം താഴ്ത്തിക്കൊണ്ട് ദൈവത്തെ ഉയർത്തുവാൻ, സ്വയം എളിമപ്പെടലിലൂടെ ദാസന്റെ രൂപം ധരിച്ച് മറ്റൊരു ക്രിസ്തുവായിത്തീരുവാനുള്ള അടങ്ങാത്ത ആഗ്രഹം ഒരു തിരമാലപോലെ നമ്മുടെ ഉള്ളിൽ അലയടിച്ചുയരട്ടെ.

നന്ദി, നമസ്കാരം.




# CHURCH



## The importance of teaching children how to pray

On Sunday morning, 8 January, Feast of the Baptism of the Lord, Pope Francis presided over Holy Mass in the Sistine Chapel, during which he administered the Sacrament of Baptism to 13 babies, the children of Vatican employees. He told parents that prayer should be the first thing they teach their children, because prayer, he said, "will be what gives them strength throughout their life". The following is a translation of the Pope's impromptu homily.

Dear parents, thank you for bringing your children here, for bringing them into the Church. This is a good day, because we never forget when we were baptized. It is like a birthday, because with Baptism we are reborn into Christian life. Therefore, I advise you to teach your children the date of their Baptism as a new birthday: so that every year they may remember and thank God for this grace of having become Christians. This is a task I advise you to do...

## Abandoning the sick is an injustice

Many people who are sick experience their illness in a "condition of loneliness and abandonment", Pope Francis notes in his message for the XXXI World Day of the Sick, which this year will be observed on 11 February. Reflecting on the parable of the Good Samaritan who helps a stranger in need, the Pope explains that "this kind of cruelty can be overcome more easily than any other injustice, because - as the parable tells us – it only takes a moment of our attention, of being moved to compassion within us, in order to eliminate it".

## Pope calls evangelization the 'oxygen' of Christian life

Sharing the faith is the "oxygen" that "invigorates and purifies" Christian life, Pope Francis said.

Beginning a new series of catechesis focused on evangelization and apostolic zeal, the pope said that when Christian life loses its aim of proclaiming the Gospel, it becomes "self-referential" and "atrophied."



# NEWS

Quoting the late Pope Benedict XVI, who died Dec. 31, Pope Francis said that "the church does not proselytize, but rather she grows by 'attraction'" to the beauty of God's love.

## Pope Benedict XVI laid to rest at saints' spot

In what looks like a continuation of pontifical legacy, Pope Benedict XVI was buried in the crypt where his Polish predecessor, St. John Paul II, was first buried. St. John XXIII also was buried there prior to his beatification.

*Our Parishioners under the leadership of Youth paid homage to late His Holiness Benedict XVI by lighting the candle and prayer.*

## A Pastoral heart close to everyone

In connecting his catechesis on apostolic zeal, the desire to share with others the joy of the Gospel, the Holy Father spoke about the example of Jesus himself. As the eternal Word of God, made flesh for our salvation, Jesus' entire life was devoted to communicating and dialoguing with others, first found prayer, and then with others, especially the poor, the outcast and sinners.



**Papel Visit to Congo**



**Papel Visit to South Sudan**

# DIOCESE NEWS

## സമർപ്പിത സംഗമം


Mandya സോണിലെ സമർപ്പിതരുടെ സംഗമം ഫെബ്രുവരി 4 ന് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്നു. ഉച്ചകഴിഞ്ഞു 4 മണിക്ക് ആരംഭിച്ച പരിപാടികൾ അത്താഴത്തോടെ സമാപിച്ചു. മോൺ. തോമസ് തെന്നാട്ടിൽ പ്രോഗ്രാമിന് നേതൃത്വം നൽകി. ഫാ. വർഗീസ് കേളംപറമ്പിൽ സി.എം.ഐ മുഖ്യപ്രഭാഷണം നടത്തി. അഭിവന്ദ്യ പിതാവും കൂരിയ അംഗങ്ങളും ധാരാളം സന്യസ്തരും പങ്കെടുത്തു. ബാംഗ്ലൂർ സോണിലെ സമർപ്പിതരുടെ സംഗമം ഫെബ്രുവരി 11 ന് ധർമ്മാരാം കോളേജിൽ വച്ച് നടക്കുകയുണ്ടായി


## താണ്ഡവപുര ഇടവക പ്രഖ്യാപനം

മൈസൂർ നഞ്ചൻഗുഡ് റോഡിലുള്ള താണ്ഡവപുരയിൽ വിശുദ്ധ പൗലോസ് ശ്ലീഹായുടെ നാമത്തിലുള്ള പുതിയ ഇടവകയുടെ പ്രഖ്യാപനം ഫെബ്രുവരി 18 ന് നടക്കും. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് വൈകുന്നേരം 6.30 ന് വിശുദ്ധ കുർബാനക്കും തുടർന്നുള്ള കർമ്മങ്ങൾക്കും മുഖ്യകാർമികത്വം വഹിക്കും.


## ആലോചനാ സമിതി യോഗം

രൂപതാ ആലോചനാ സമിതിയുടെ യോഗം ഫെബ്രുവരി 23 ന് രാവിലെ 10 മണിക്ക് ഹുളിമാവ് റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.



# YOUTH CORNER



**Buon Natale Flash Mob** - Marked the begining of Christmas at St. Thomas Forane Church. STY members performed a flashmob after every Holy Qurbana to welcome everyone to Buon Natale 2022.



**Snehakoodu** - The Diocesan Christmas celebration held on the 17th of December. St. Thomas Forane Church was the host for the same and the evening was blessed with the presence of Bishop Mar Sebastian Adayanthrath. STY members were part of this event in the form of volunteers, dancers, performers, coordinators etc.



**Buon Natale –** For the first time in Bengaluru St. Thomas Forane Church organized Buon Natale, A Christmas Caroling (City Mega Carol) through the streets of SG Palya on the 18th of Dec. Every ward performed Tableau and carol songs.



**Christmas Crib and Tree -** St. Thomas Youth made a beautiful Christmas Tree (15 feet Height) and a marvellous crib. The crib was handmade by the STY members with the theme of Jerusalem town.

**Prayer for Pope Benedict XVI -** The death of Pope Benedict XVI was remembered by the St. Thomas Youth members on the 4th of Jan 2023. A prayer with candle procession was done by the youth members.




**Respectful Homage to Pope Benedict XVI**



**Christmas Tree at Parish (15 feet Height)**



**Cristmas Crib at parish**



## Buon Natale







## Denaha Thirunal





# KRUPALAYA CHRISTMAS CELEBRATION










**Forane Priest conference and Monthly Recollection was held on 12 January 2023 at St Joseph's Church, Kalkere**



**Blessing of the New Key Board**



**Orientation to Sub-Deacons (III B,Th)**



**First Holy Communion and Confirmation**

# CHRISTMAS CELEBRATION















# N – CATECHISM CHILDREN

















**Catechism 11th and 12th outreach programme**



**Mathruvedhi Christmas Celebration**



**Sports Day Santhome Kinder**




**Santhome Kinder Christmas Celebration**



**Santhome Professional Forum**



**Holy Relic of St. Thomas, The Apostle**




**Marichavarude Orma Dinam**



**Kodiyettu 2023 Parish Feast**



**Senior Citizens Day**

# ST CHRISTOPHER ASSOCIATION



എല്ലാ വർഷത്തിലേതുപോലെ ഈ വർഷവും സെ. ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ 2022 ഡിസംബർ 18 തീയതി മുതൽ പള്ളിയങ്കണത്തിൽ കേക്ക് സ്റ്റാൾ നടത്തി.

1-1-2023 ന് സെ. ക്രിസ്റ്റഫർ അസോസിയേഷന്റെ കുടുംബസംഗമം നടന്നു. വൈകീട്ട് 6.30 നോടെ ആരംഭിച്ച സംഗമത്തിൽ ഇടവകയിലെ അച്ചന്മാരും trustee മാരും സന്നിഹിതരായിരുന്നു.

സെ. ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ, ഈ ഇടവകയിൽ നിന്നും ചെന്നൈ മയിലാപുരിലുള്ള വിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിലുള്ള പള്ളികളിലേക്ക് ഒരു തീർത്ഥയാത്ര സംഘടിപ്പിച്ചിരിക്കുന്നു. 2023 മാർച്ച് 25ന് ശനിയാഴ്ച രാത്രി 10:30നു പുറപ്പെട്ടു 27 ന് രാവിലെ തിരിച്ചെത്തുന്നു. AC bus യാത്ര ചെലവ് മാത്രം (ഭക്ഷണം ഇല്ലാതെ) seat ഒന്നിന് 2100/ രൂപ. 40 സീറ്റുകൾ മാത്രം. സീറ്റുകൾ Parish ഓഫീസിൽ ബുക്ക് ചെയ്യാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്കായി : 9448675366 (Joshy Thomas), 9496913164 (Lorance VK) എന്നീ നമ്പുറുകളിലേക്ക് ബന്ധപ്പെടുക.








# ഇടവക വാർത്തകൾ

## ക്രിസ്തുമസ് ആഘോഷങ്ങൾ

ഇടവകയിലെ അമ്മമാരുടെ Christmas Celebration ഡിസംബർ 10–ാം തിയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് നടത്തി. ഡിസംബർ 18–ാം തിയതി ഞായറാഴ്ച വേദപാഠ വിദ്യാർത്ഥികൾ ക്രിസ്തുമസ് ആഘോഷിച്ചു. 101 സാന്റകൾ അണിനിരന്ന ക്രിസ്തുമസ് ആഘോഷം വേറിട്ട അനുഭവമായിരുന്നു. അന്നേ ദിവസം വൈകുന്നേരം 6.30 ന് കൃപാലയയിൽനിന്ന് ആരംഭിച്ച് ഇടവക ദേവാലയത്തിൽ സമാപിച്ച വിവിധ വാർഡുകൾ അണിനിരന്ന **സിറ്റി മെഗാ കരോൾ Buon Natale** പുതുമകൊണ്ടും അവതരണം കൊണ്ടും ശ്രദ്ധേയമായിരുന്നു.





ഡിസംബർ 18–ാം തിയതി ഞായറാഴ്ച 3 മണിക്ക് രോഗികൾക്കും പ്രായമായവർക്കും പ്രത്യേക വിശുദ്ധ കുർബാനയും ക്രിസ്തുമസ് ആഘോഷവും ഉണ്ടായിരുന്നു. ഡിസംബർ 19 മുതൽ 22 വരെ ഭവനങ്ങളിലുള്ള രോഗികൾക്കും വൃദ്ധർക്കും വിശുദ്ധ കുർബാന നൽകി.



ഡിസംബർ 24–ാം തിയതി വൈകുന്നേരം 7.30 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം കൃപാലയ ക്രിസ്തുമസ് **Raffle ticket** നറുക്കെടുപ്പ് നടത്തി. ക്രിസ്തുമസ്സിനോടനുബന്ധിച്ച് സെന്റ് ചാവറ അസോസിയേഷന്റെ നേതൃത്വത്തിൽ **Christmas Star making competition** നടത്തി. ഡിസംബർ 24–ാം തിയതി വാർഡുകൾക്കായി പുൽക്കൂട് മത്സരവും, കരോൾഗാനമത്സരവും നടത്തി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ!



എല്ലാ വർഷത്തിലേതുപോലെ ഈ വർഷവും സെന്റ് ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ 2022 ഡിസംബർ 18–ാം തീയതി മുതൽ പള്ളിയങ്കണത്തിൽ **കേക്ക് സ്റ്റാൾ** നടത്തി. സ്വാദിഷ്ടവും, മിതമായ നിരക്കിലും ഇടവകയിലേ ജനങ്ങൾക്ക് വേണ്ടി നടത്തിയ കേക്ക് സ്റ്റാൾ 25 –ാം തീയതി ഉച്ചയോടെ സമാപിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുമസ് ഫുഡ് കിറ്റ് വിതരണം ചെയ്തു.

## കുഞ്ഞുപൈതങ്ങളുടെ തിരുനാൾ

ഡിസംബർ 24–ാം തിയതി ബുധനാഴ്ച ഇടവകയിൽ കുഞ്ഞുപൈതങ്ങളുടെ തിരുനാൾ ആചരിച്ചു. വൈകിട്ട് 6 ന് കുഞ്ഞുങ്ങൾക്കായി പ്രത്യേക നിയോഗത്തോടെ വിശുദ്ധ കുർബാന അർപ്പിച്ചു.

## വർഷാവസാന–വർഷാരംഭ പരിപാടികൾ

ഡിസംബർ 31–ാം തിയതി 2022 വർഷത്തിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിച്ചുകൊണ്ട് വൈകുന്നേരം 8.30 മുതൽ ആരാധനയും തുടർന്ന് വർഷാവസാന–വർഷാരംഭ പ്രാർത്ഥനകളും 9.30 ന് ആഘോഷമായ വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു. ജനുവരി 1–ാം തിയതി ഞായറാഴ്ച പതിവുപോലെ രാവിലെ 6 നും, 7.15 നും 9 നും, 11 നും, 12.15 നും വൈകുന്നേരം 6 നും വിശുദ്ധ കുർബാന ഉണ്ടായിരുന്നു.

## കുടുംബസംഗമം

2023 ജനുവരി 1 ന് സെന്റ് ക്രിസ്റ്റഫർ അസോസിയേഷന്റെ കുടുംബസംഗമം നടന്നു. വൈകീട്ട് 6.30 ന് ആരംഭിച്ച പരിപാടിയിൽ വികാരിയച്ചനും അസി. വികാരി അച്ചന്മാരും ട്രസ്റ്റിമാരും സന്നിഹിതരായിരുന്നു. ആശംസാ സന്ദേശങ്ങൾക്കുശേഷം അസോസിയേഷന്റെ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ഉണ്ടായിരുന്നു. സ്നേഹവിരുന്നോടെ കുടുംബസംഗമം സമാപിച്ചു.

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുന്നാൾ

ജനുവരി 3–ാം തിയതി ചൊവ്വാഴ്ച വിശുദ്ധ ചാവറയച്ചന്റെ തിരുനാൾ ആഘോഷിച്ചു. വൈകുന്നേരം 6 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് പ്രദക്ഷിണവും നേർച്ച വിതരണവും ഉണ്ടായിരുന്നു.

## ആദ്യകുർബാന–സ്ഥൈര്യലേപന സ്വീകരണം

ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവും ജനുവരി 8–ാം തിയതി ഞായറാഴ്ച രാവിലെ 9 മണിയുടെ വിശുദ്ധ കുർബാനയോടെ ആഘോഷമായി നടന്നു. വികാരി ഫാ. സിറിയക് മഠത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 50 കുട്ടികൾ ആദ്യകുർബാനയും സ്ഥൈര്യലേപനവും സ്വീകരിച്ചു.

## ദനഹാതിരുന്നാൾ

ജനുവരി 5 വ്യാഴാഴ്ച വൈകുന്നേരം 6 മണിയുടെ വിശുദ്ധ കുർബ്ബാനയെത്തുടർന്ന് പിണ്ടികുത്തി തിരുന്നാൾ ആഘോഷിച്ചു.

## മലയാളം മിഷൻ

കേരള സർക്കാരിന്റെ കീഴിലുള്ള മലയാളം മിഷൻ, സെന്റ് തോമസ് ഫൊറാന പള്ളിയിൽ നടത്തുന്ന മലയാളം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പാഠപുസ്തകം വിതരണം ചെയ്തു. ബഹുമാനപ്പെട്ട വികാരിയച്ചനും, ട്രസ്റ്റി വിജേഷ് ലാസറും, മലയാളം മിഷൻ കോഓർഡിനേറ്റർ ജോമോൻ സ്റ്റീഫനും, അദ്ധ്യാപകൻ ലിന്റോ വി.ജെ. യും പങ്കെടുത്തു.



## നവവൈദികാർക്ക് സ്വീകരണം, സമൂഹബലി

ജനുവരി 29ാം തിയതി ഞായറാഴ്ച വൈകിട്ട് 6 ന് ധർമ്മാരാമിൽ വൈദികപഠനം പൂർത്തിയാക്കിയ എല്ലാ നവവൈദികരും, നമ്മുടെ ഇടവകയിൽ സേവനമനുഷ്ഠിച്ച നവവൈദികരും സമൂഹബലി അർപ്പിച്ചു.



## ഫൊറോനാ ദൈവവിളി ക്യാമ്പ്
## (Vocation Discernment day)

നമ്മുടെ രൂപതയിൽ ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി ഫൊറോനാ ദൈവവിളി ക്യാമ്പ് ജനുവരി 15- ാം തീയതി ഞായറാഴ്ച രൂപതാ പിതൃവേദിയുടെ സഹകരണത്തോടെ നമ്മുടെ പള്ളിയിൽ വച്ച് നടത്തി. 4 ഇടവകകളിൽ നിന്ന് 13 വിദ്യാർത്ഥികൾ പങ്കെടുത്തു. മണ്ഡ്യ രൂപതയിൽ വൈദിക ശുശ്രൂഷയ്ക്ക് താത്പര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് റെക്ടർ ബഹു. മാർട്ടിനച്ചന് നൽകുകയുണ്ടായി.

## Bible & Mission Exhibition by Fiat Mission

നമ്മൾ ആയിരിക്കുന്ന സാഹചര്യത്തിൽ എങ്ങനെ മിഷനെ സഹായിക്കാം, എങ്ങനെ ദൈവവചനത്തോട് ആഭിമുഖ്യമുള്ളവരാകാം എന്ന വിഷയത്തിൽ ഫിയാത്ത് മിഷൻ ഒരു Bible & Mission Exhibition ജനുവരി 8 ന് പള്ളിമുറ്റത്ത് ഒരുക്കി.



## Students Bible Quiz

രൂപതയുടെ Commission for Bible and Catechetics ജനുവരി 8 ന് നടത്തിയ Students Bible Quiz ൽ നമ്മുടെ യൂണിറ്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**LP Category:** Catherine George – C Grade; Hannah Treesa George – II Rank (A Grade); Evan Francis – III Rank (B Grade)

**UP Category:** Austin Dinu – V Rank (B Grade); David Santhosh – B Grade; Kevin Sijo – B Grade

**HS Category**: Naina Elizabeth Jose – I Rank (A Grade); Anu Rose Jomon – II Rank (A Grade); Noel Anil – C Grade

**HSS Category:** Diya Ebi – IV Rank (B Grade); Joyce Anthony – V Rank (B Grade); Neha James.


## Congratulations to our Proud Winners


Catherine George


Hannah Treesa George


Evan Francis


Austin Dinu



David Santhosh


Kevin Sijo


Naina Elizabeth Jose


Anu Rose Jomon


Noel Anil


Diya Ebi


Joyce Anthony


Neha James

## Basic Health Checkup Camp

സെന്റ് തോമസ് മെഡിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ Health Checkup Camp ജനുവരി 22 ന് 8 മണി മുതൽ 11 മണിവരെ സെന്റ് ജോസഫ് ഹാളിൽ വച്ച് നടത്തി.

## അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ

ഇടവക തിരുന്നാളിനൊരുക്കമായുള്ള കുടുംബനവീകരണ ധ്യാനം അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ ഫെബ്രുവരി 8, 9, 10 ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ഉച്ച തിരിഞ്ഞ് 3.30 മുതൽ 9 മണിവരെ ഇടവകദേവാലയത്തിൽ നടത്തി. അട്ടപ്പാടി അഭിഷേകാഗ്നി ടീമിലെ ബഹുമാനപ്പെട്ട സാംസൺ മണ്ണൂർ പി.ഡി.എം. ആണ് ധ്യാനം നയിച്ചത്.

# മാതൃവേദി

## Orphanage visit

ഡിസംബർ 4-ാം തിയതി മാതൃവേദി അംഗങ്ങൾ Jithu അച്ചന്റെ നേതൃത്വത്തിൽ കർമ്മലാരാമിലുള്ള ആശാഭവൻ എന്ന ഓൾഡ് ഏജ് ഹോം സന്ദർശിക്കുകയും അവരോടൊപ്പം കുറച്ചു സമയം ചിലവഴിക്കുകയും, കേക്ക് കട്ട് ചെയ്ത് ക്രിസ്തുമസ് ആഘോഷിക്കുകയും അവർക്കു വേണ്ട സാധനങ്ങളും കേക്കും കൊടുക്കുകയും ചെയ്തു. മൊത്തം 25,000/- രൂപ ചിലവഴിച്ചു.

## Christmas celebration

ഡിസംബർ 10-ാം തിയതി കൃപാലയായിലെ അപ്പച്ചന്മാരോടും അമ്മച്ചിമാരോടുമൊപ്പം Jithu അച്ചന്റെയും Lijo അച്ചന്റെയും Sr. Jasmine എന്നിവരോടുകൂടി മാതൃവേദി അംഗങ്ങൾ ക്രിസ്തുമസ് ആഘോഷിക്കുകയും അമ്മമാർ gift exchange ചെയ്യുകയും കൃപാലയായിലുള്ളവർക്ക് gift കൊടുക്കുകയും അതിനോടു ചേർന്ന് അമ്മമാരുടെ cultural programme കളും ഉണ്ടായിരുന്നു. ചെറിയ ചായ സൽക്കാരത്തോടു കൂടി സെലിബ്രേഷൻ അവസാനിപ്പിക്കുകയും ചെയ്തു.

## അമ്മദിനം

എല്ലാവർഷവും നടത്തി വരാറുള്ള മാതൃദിനം ഈ വർഷം ഡിസംബർ 17-ാം തിയതി 8.30 ന് ജപമാലയോടുകൂടി ആരംഭിക്കുകയും 9.15ന് സിറിയക് അച്ചന്റെ നേതൃത്വത്തിൽ വി. കുർബ്ബാനയും അതിനുശേഷം Public meeting ഉണ്ടായിരുന്നു, മീറ്റിംഗിൽ അച്ചന്മാരുടെ talk ഉണ്ടായിരുന്നു. രൂപതാ ഭാരവാഹികളും Forane co-ordinators ഉം St. Thomas Forane Church ന്റെ കീഴിലുള്ള എല്ലാ പള്ളികളിലേയും പ്രസിഡണ്ടുമാരും പങ്കെടുത്തു. മാതൃവേദിയിലുള്ള അമ്മമാരുടെ പ്രോഗ്രാമുകളും വാർഡ് അടിസ്ഥാനത്തിൽ അമ്മമാരുടെ മനോഹരമായ കലാപരിപാടികളും ഉണ്ടായിരുന്നു. ഉച്ചഭക്ഷണത്തോടുകൂടി സന്തോഷമായി പരിപാടികൾ അവസാനിപ്പിക്കുകയും ചെയ്തു. മണ്ഡ്യാരൂപതയുടെ ക്രിസ്തുമസ് ആഘോഷത്തിൽ സെന്റ് തോമസ് ഫൊറോന ചർച്ച് ധർമ്മാരാമിലെ മാതൃവേദി അംഗങ്ങൾ മനോഹരമായ സ്കിറ്റ് അവതരിപ്പിച്ചു.

















# CHRISTMAS WITH ST CHAVARA ASSOCIATION (SCA)

കൊറോണ കാലത്തിന്റെ നിശബ്ദതകളിൽ നിന്ന് ആർപ്പുവിളികളുടെ ആഘോഷങ്ങൾ ആയി ഈ നാട് മാറിയപ്പോൾ, നമ്മുടെ ഇടവകയിലെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് കൂടുതൽ തിളക്കവും മുഴക്കവും നിറച്ച് മനോഹരമാക്കുവാൻ SCA യുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ, ഇടവകാംഗങ്ങളേയും വാർഡ് അംഗങ്ങളേയും ഒരുമിച്ച് ചേർത്തുകൊണ്ട് നടത്തുകയുണ്ടായി.

എല്ലാ മൽസരങ്ങളും ഫ്രീ ആയി വച്ചുകൊണ്ട് ക്യാഷ് പ്രൈസും കുറെ consolation prize കളും നൽകിയത് മൽസരാർത്ഥികളിൽ ആവേശവും സന്തോഷവും ഉണ്ടാക്കിയതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

## 1. Star competition for parishoners – Individual category

40 ഓളം സ്റ്റാറുകൾ മൽസരാർത്ഥികൾ വീടുകളിൽ ഉണ്ടാക്കിയെടുത്ത് പള്ളിയിൽ കൊണ്ടുവരുകയും SCA അത് ക്രിസ്തുമസ് ദിനത്തിൽ പള്ളിയുടെ മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്തു

## 2. Christmas Celebration with Senior Citizen & the Old Aged

ക്രിസ്തുമസിന്റെ ആഘോഷങ്ങളിൽ വയോധികരെയും, വൃദ്ധരേയും ഒരു കുർബ്ബാനയ്ക്ക് പള്ളിയിലേയ്ക്ക്കൊണ്ടുവന്ന് തിരുക്കർമ്മങ്ങളിൽ പങ്കെടുപ്പിച്ച് അവരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുവാൻ SCA യ്ക്ക് കഴിഞ്ഞു.

## 3. Christmas crib-ward level competition

വാർഡുകളെ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി SCA യുടെ നേതൃത്വത്തിൽ നടത്തിയ മൽസരത്തിൽ വ്യത്യസ്തമായ ക്രിബ്ബുകൾ പള്ളി കോമ്പൗണ്ടിൽ ഉണ്ടാക്കിയത് ക്രിസ്തുമസിന്റെ ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകർന്നു.

## 4. Christmas carol singing & christmas eve celebration

എല്ലാവർഷവും SCA നേതൃത്വത്തിൽ നടത്തുന്ന വാർഡുകൾക്ക് വേണ്ടിയുള്ള Christmas Singing Competition with Christmas Eve Programs, പതിവിലും മനോഹരവും ആഘോഷപരവുമായി നടത്തുവാൻ സാധിച്ചതിൽ SCA സന്തോഷിക്കുന്നു.











ST. THOMAS DIOCESAN PILGRIM CENTRE
ST. CHAVARA ASSOCIATION

























CATECHISM CORNER

## PTA MEETING

## STUDENTS CHRISTMAS CELEBRATION

The Christmas celebration of 2022 was turned into a memorable one by the remarkable participation of the students and staff. The students had organized the Secret Santa game in the beginning of the month itself. Till 25th, they prayed for each other and on December 18th, exchanged the gifts. The carols organized by class 12 was overflowing with energy and enthusiasm. Their visit to each class brought in the spirit of Christmas and the students prepared themselves to receive the cherubic child Jesus in their hearts.




After the 9 AM Holy Qurbana, the parish community witnessed an enticing performance by the catechism students. Hundreds of cute santas and angels came together to steal the show with their performance. It conveyed a relevant message of the true spirit of Christmas.

## STAFF CHRISTMAS

The staff Christmas celebration was held on the 18th of December at St. Chavara Hall. The teachers brought and exchanged gifts with each other. There were surprise games and gifts too! Fr. Vicar, Fr. Director and Asst. Director joined the staff and shared the Christmas message. The carol team added flavour to the celebration by their dance and songs. The celebrations concluded with lunch.

## SBQ

The Students Bible Quiz of 2022 was held at Santhome Church, Hulimavu on 8th January. The students of St. Thomas Forane Catechism bagged most of the prizes and secured the overall championship with 57 points. It is an indicator of the Bible-oriented catechism of the students and teachers. This achievement is a culmination of months of dedicated efforts by the students and the teachers who trained them under the guidance of Fr. Director.

## LP STUDENTS CAROL COMPETITION

On December 11th, the carol competition for the LP section students was conducted at Carmelaram church. Our students rendered a wonderful performance and secured the consolation prize. All thanks to the teachers who supported the students in preparing for the event.

## FIRST HOLY COMMUNION

On 8th January 2023, 50 students received their first holy communion. The little angels were taught and prepared by the reverend sisters and teachers with utmost dedication. Follow-up activities are planned to guide them further in the light of faith.











## Parish Membership & Youth Identity Card

It is obligatory for Syro-Malabar members who have been staying here for more than 6 months should enlist their names in the respective Syro-Malabar Churches near their place of residence. Especially, the youth should obtain a youth identity card, participate in youth meetings and should take signature of the Director. This will be extremely necessary for issuing any certificates. To obtain a Free State Certificate for marriage, youth identity card is a must and this certificate will be issued only 3 months after obtaining the youth identity card.

## Advertisement in Santhome Messenger

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും മാർച്ച് 25നകം ഇടവക ഓഫീസിൽ ഏൽപ്പിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the matters in the office before 25th of March.

# Upcoming Events

| | |
|---|---|
| Feb 19 Sun | 1st Sunday of Lent<br>Parish Council Meeting<br>Catechism 2nd Semester Exam |
| **Feb 20 Mon** | **Ash Monday** |
| Feb 24, Fri | Solemn Way of the Cross – after 6.00 pm Holy Qurbana |
| Feb 26, Sun | **Reception to Mar John Panamthottam (Bishop of Melbourne)**<br>**Catechism Annual Day** |

## Way of the Cross

Way of the Cross 5.30 pm – Sundays (Feb 26, Mar 5,12,19,26 Apr 2)

Solemn Way of the Cross after 6.00 pm H. Qurbana – Fridays (Feb 24, Mar 3, 10, 17, 24, 31)

| | |
|---|---|
| March 1, Wed | Devotion to St Joseph begins |
| March 4, Sat | Catechism class 12 students farewell<br>Special Prayer for X, XII Students |
| March 5, Sun | **Parish Council Meeting; Farewell to Fr Lijo and Fr Jithu** |
| March 12, Sun | **Ruby Jubilee Inauguration** (40 Years) of St Thomas Parish by Bishop |
| March 16, Thu | 3 days devotion (Novena) begins in preparation for St Joseph's Feast |
| March 19, Sun | Feast of St Joseph<br>**Oottuthirunnal**- 6.00 pm Solemn Holy Qurbana, Oottunercha |
| March 31 Fri | Concluding day of Devotion to St Joseph |

**April 2 Palm Sunday:** 6.30 am Blessing of Palms, Procession, Holy Qurbana

| | |
|---|---|
| April 3, 4, 5 | Holy Week Preparation & Confession (6 pm – 8.30 pm) |
| **April 6 Thu** | **Maundy Thursday** - 5.30 pm Solemn High Mass |
| **April 7 Fri** | **Good Friday** 7 am Passion service, 4.00 pm – Way of the Cross-From Dharmaram Chapel to St Thomas Church |
| **April 8 Sat** | **Holy Saturday** 6.30 am Holy Service, H. Qurbana 6.00 pm,<br>Easter Vigil 09.00 pm |
| **April 9 Sun** | **Easter Sunday** 6 am, 7.15 am, 9 am, 10.50 am, 12.15 pm, 6.00 pm H. Qurbana |

**സീറോ മലബാർ സഭയുടെ പുതിയ യാമപ്രാർത്ഥനാ**
**കോപ്പികൾ സാന്തോം ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. Mob: 9902138813**




KJ
FLOORING
• Wooden Flooring
• SPC Flooring
Easy Click Installation
100% Waterproof
CALL NOW
SHIJO JACOB
+91 9611921165
# 1063, 7TH A MAIN ROAD,
KORAMANGALA 1A BLOCK
SBI COLONY, KORAMANGALA,
BENGALURU, 560034


9036377010
8951092924
L.A.K
LIZY AUNTYS
KITCHEN
CATERING,
MONTHLY MESS &
FOOD SERVICES
#15/A-31, 1ST MAIN, 2ND CROSS,
BALAJI NAGAR, BANGALORE-560029.


MUTUAL FUNDS
Sahi Hai
JOSEPH MATHEW
9686532005
AMFI REGISTERED MUTUAL FUND DISTRIBUTOR
PARTNERS
HDFC MUTUAL FUND
Nippon india Mutual Fund
SBI MUTUAL FUND A PARTNER FOR LIFE
CANARA ROBECO Mutual Fund
L&T Mutual Fund
DSP MUTUAL FUND
FRANKLIN TEMPLETON INVESTMENTS
ICICI PRUDENTIAL MUTUAL FUND


Bluepen
COMPLETE
MEDICAL SUBJECTS
LEARNING
MBBS
BDS
MDS
PG-Doctor
BAMS
NURSING
BHMS
Interactive Tuitions – Anticipated University Exam Paper (70% Predicted Questions)
Paper Evaluation & Guidance to score well - Doctor's Notes.
Conceptual Learning - Exam Oriented Sessions.
The Best way to connect with Doctors & Learn.
www.BluepenOnline.com
+91 - 63 6631 1818 +91 - 81 0504 2828


Alice
GOLD DIAMONDS PLATINUM
Buy a Beautiful Future!
Instagram
Bangalore:
#50 Dispensary Road
#218/1 Kammanahalli
#15/1 Dickenson Road
CHETTUPUZHA GROUP SINCE 1914
FOUNDER JOSEPH PAUL